# കേരളസർവകലാശാല

നം.പി.ആർ.161/2023 തിരുവനന്തപുരം, തീയതി: 09/08/2023

## പത്രക്കുറിപ്പ്

## പരീക്ഷാഫലം

കേരളസർവകലാശാല 2022 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (മേഴ്‌സി ചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്ക് 2023 ആഗസ്റ്റ് 17 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാ വിജ്ഞാപനം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ പഠന കേന്ദ്രം നടത്തുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രി/ഡിപ്ലോമ (പ്രയർ ടു 2017 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷ ആഗസ്റ്റ് 2023 ന്റെ വിജ്ഞാപനം വെബ്സൈറ്റിൽ ലഭ്യമാണ്. 2023 ആഗസ്റ്റ് 5 ലെ പരീക്ഷാ വിജ്ഞാപനം കാണുക.

## ടൈംടേബിൾ

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ എം.സി.എ. ഡിഗ്രി (സപ്ലിമെന്ററി – 2015 സ്കീം, 2017-19 അഡ്മിഷൻ), ജൂൺ 2023 പ്രാക്ടിക്കൽ പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ എം.സി.എ. ഡിഗ്രി (റെഗുലർ – 2021 അഡ്മിഷൻ & സപ്ലിമെന്ററി – 2020 അഡ്മിഷൻ (2020 സ്കീം), ആഗസ്റ്റ് 2023 പ്രോജക്ട് ആന്റ് വൈവ പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്പോട്ട് അഡ്മിഷൻ/സീറ്റൊഴിവ്

കേരളസർവകലാശാലയുടെ പഠന ഗവേഷണ വകുപ്പുകളിൽ എം.എ. മ്യൂസിക്, മാനുസ്ക്രിപ്റ്റോളജി എന്നീ പ്രോഗ്രാമുകൾക്ക് ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 2023 ആഗസ്റ്റ് 14 ന് രാവിലെ 10 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

കേരളസർവകലാശാലയുടെ പഠനവഗവേഷണ വകുപ്പുകളിൽ മാനുസ്ക്രിപ് റ്റോളജി, ഹിന്ദി, എന്നീ പ്രോഗ്രാമുകൾക്ക് 2023-2025 ബാച്ച് അഡ്മിഷന് SC, ST സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥികൾ 2023 ആഗസ്റ്റ് 14 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

കേരളസർവകലാശാലയുടെ പഠനഗവേഷണ വകുപ്പുകളിൽ എം.എ. പൊളിറ്റിക്കൽ സയൻസ്, ബോട്ടണി (സ്പെഷ്യലൈസേഷൻ ഇൻ ബയോ ഡൈവേഴ്സിറ്റി കൺസർവേഷൻ), അപ്ലൈഡ് സൈക്കോളജി, എം.കോം. ഗ്ലോബൽ ബിസിനസ് ഓപ്പറേഷൻസ് എന്നീ പ്രോഗ്രാമുകൾക്ക് 2023-2025 ബാച്ച് അഡ്മിഷനു ST സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 2023 ആഗസ്റ്റ് 14 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

കേരളസർവകലാശാലയുടെ പഠനഗവേഷണ വകുപ്പുകളിൽ ഫിനാൻഷ്യൽ എക്കണോമിക്സ്, എം.എൽ.ഐ.എസ്.സി, എൽ.എൽ.എം എന്നീ പ്രോഗ്രാമുകൾക്ക് 2023-2025 ബാച്ച് അഡ്മിഷന് SC സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 2023 ആഗസ്റ്റ് 14 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

## ദേശീയ സെമിനാർ

കേരള സർവകലാശാല വേദാന്ത പഠന കേന്ദ്രം 2023 ഓഗസ്റ്റ് 16 മുതൽ 18 വരെ "Sanskrit & Indian Knowledge Systems" എന്ന വിഷയത്തിൽ ദേശീയ സെമിനാർ പാളയത്തുള്ള സ്റ്റുഡന്റ് സെന്ററിൽ നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ഗവേഷണ പ്രബന്ധങ്ങൾ ക്ഷണിക്കുന്നു

കേരള സർവകലാശാല അറബി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡിസംബറിൽ സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്ന കോൺഫറൻസിലേക്കുള്ള ഗവേഷണ പ്രബന്ധങ്ങൾ ക്ഷണിക്കുന്നു. നദ്‌വത്തുൽ ഉലമ റെക്ടറും ഇന്ത്യൻ അറബി എഴുത്തുകാരിൽ പ്രമുഖനുമായിരുന്ന റാബിഅ ഹസൻ നദ്‌വി അറബി ഭാഷക്ക് നൽകിയ സംഭാവനകളെ അധികരിച്ചാണ് ദേശീയ സെമിനാർ സംഘടിപ്പിക്കുന്നത്. പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നവർ ആഗസ്റ്റ് 30 നു മുമ്പ് പ്രബന്ധ സംഗ്രഹം deptofarabickvtm@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അക്കാദമിക് കൺവീനർ ഡോ.ഹാരിസ് (98470 53340) എന്ന നമ്പറിൽ ബന്ധപ്പെടുക.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries helpdesk@keralauniversity.ac.in
**website:** www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**